നടപടി ക്രമം
അഡീഷണൽ ഡയറക്ടർ ജനറൽ എൻ .സി .സി, എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും) സംസ്ഥാന വിഭാഗം, തിരുവനന്തപുരം-10
(ഹാജർ: മേജർ ജനറൽ രമേഷ് ഷൺമുഖം ജി )

**എൻ .സി. സി ജീവനക്കാര്യം : അറ്റൻഡർ - തസ്തികമാറ്റം വഴി നിയമനം അനുവദിച്ച് അന്തിമ ഉത്തരവ് - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.**

നമ്പർ. 3044/എ2/II - എസ്റ്റാ/2022/എൻ.സി.സി തിരുവനന്തപുരം തീയതി: 14 മേയ് 2025

സൂചന : (1) 14.09.1973 തീയതിയിലെ ജി.ഒ(പി) 249/73/പി.ഡി.പി നമ്പർ സർക്കാർ ഉത്തരവ്.

(2) 15.01.1993 തീയതിയിലെ ജി.ഒ(പി) 9/93/പി&എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവ്.

(3) 27.12.2018 തീയതിയിലെ ജി.ഒ(പി) 17/2018/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.

(4) 05.03.2025 തീയതിയിലെ ഇതേ നമ്പർ വിജ്ഞാപനം.

(5) 24.04.2025 തീയതിയിലെ ഇതേ നമ്പർ താത്കാലിക ഉത്തരവ്.

1. ഈ വകുപ്പിൽ അറ്റൻഡർ തസ്തികയിൽ 2025 മാർച്ച് മാസം 31-ാം തീയതിയിൽ കോഴിക്കോട് ജില്ലയിൽ നിലവിൽ വന്ന ഒരു ഒഴിവിലേക്ക് ഈ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന, നിശ്ചിത യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും തസ്തിക മാറ്റം വഴി അറ്റൻഡർ ഗ്രേഡ് - II തസ്തികയിലേക്ക് സൂചന 4 പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു.

2. പ്രസ്തുത ഒഴിവിലേക്ക് തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനായി മൂന്ന് അപേക്ഷകൾ ലഭിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷകളുടെ സൂക്ഷ്മാവലോകനത്തിൽ, എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കോഴിക്കോട് നിലവിലുള്ള ഒഴിവിലേക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ജീവനക്കാരനെ തസ്തിക മാറ്റം വഴി 23700-52600/- രൂപ ശമ്പള നിരക്കിൽ അറ്റൻഡർ ഗ്രേഡ് - II ആയി നിയമിച്ച് സൂചന 5 പ്രകാരം താത്ക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ നിയമനവുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങളോ/പരാതികളോ ഉണ്ടെങ്കിൽ മതിയായ രേഖകളോടൊപ്പം 30.04.2025 ന് മുമ്പായി ഈ ഡയറക്ടറേറ്റിനെ അറിയിക്കുവാൻ നിർദ്ദേശിച്ചിരുന്നു.

3. നിശ്ചിത ദിവസത്തിനുള്ളിൽ യാതൊരു പരാതികളും/ആക്ഷേപങ്ങളും ലഭിക്കാത്ത സാഹചര്യത്തിൽ താഴെ സൂചിപ്പിക്കുന്ന ജീവനക്കാരനെ തസ്തിക മാറ്റം വഴി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്/നിലവിലെ തസ്തിക/ഓഫീസ് | പുതിയ തസ്തിക/ഓഫീസ് | റിമാർക്സ് |
|---|---|---|---|
| 1. | ശ്രീ വിനോദ് കുമാർ കെ<br>(PEN 730207), ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് - I<br>9 കേരള ഗേൾസ് ബറ്റാലിയൻ എൻ.സി.സി, കോഴിക്കോട് | അറ്റൻഡർ ഗ്രേഡ് - II<br>എൻ.സി.സി ഗ്രൂപ്പ്<br>ഹെഡ്ക്വാർട്ടേഴ്സ്, കോഴിക്കോട് | |

4. സൂചന 3-ലെ സർക്കാർ ഉത്തരവിലെ 4(iii) ഖണ്ഡിക പ്രകാരം തസ്തിക മാറ്റം വഴി നിയമിതനാകുന്ന ടി ജീവനക്കാരൻ അറ്റൻഡർ ഗ്രേഡ് - II (Non Technical) തസ്തികയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ടു വർഷത്തിനുള്ളിൽ ഒരു വർഷം പ്രൊബേഷൻ കാലയളവിലായിരിക്കും എന്നറിയിക്കുന്നു.

5. ടി ജീവനക്കാരൻ തസ്തികമാറ്റം വഴി ജോലിയിൽ പ്രവേശിക്കുന്ന തീയതി ഈ ഡയറക്ടറേറ്റിനെ അറിയിക്കേണ്ടതാണ്. ടി വിവരങ്ങൾ ജീവനക്കാരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

ഒപ്പ്/- x x x
അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

പകർപ്പ്:

ബന്ധപ്പെട്ട ജീവനക്കാരന് - (ഓഫീസ് മേലധികാരി മുഖേന)
എല്ലാ ഓഫീസുകൾക്കും - (വെബ് സൈറ്റ് മുഖേന)

**അംഗീകാരത്തോടെ**

എൻ.സി.സി ഡയറക്ടറേറ്റ് സംസ്ഥാന വിഭാഗം തിരുവനന്തപുരം-10 കേരളവും ലക്ഷദ്വീപും

Internal:-
IT (Official Website), A3, File & SF

SAJIMON M
PEN 385602
Administrative Assistant
NCC Directorate (K&L)
Thiruvananthapuram-10